**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1646** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ചെമ്മനാട് ഗ്രാമ പഞ്ചായത്തിലെ ലൈഫ് മിഷൻ ഫ്ലാറ്റ് സമുച്ചയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നീലകണ്ഠൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ നിർമ്മാണം ആരംഭിച്ച ലൈഫ് മിഷൻ ഫ്ലാറ്റ് സമുച്ചയത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; എത്ര രൂപയാണ് ഈ പദ്ധതിയ്ക്കായി ചെലവഴിച്ചതെന്നും എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** കാസർകോട് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ ലൈഫ് മിഷൻ മുഖേന നിർമ്മാണം ആരംഭിച്ച ഭവന സമുച്ചയത്തിൽ 4 നിലകളിലായി 44 ഭവന യൂണിറ്റുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഭവന സമുച്ചയത്തിന്റെ നിർമ്മാണ കരാർ 5,14,90,465 രൂപയ്ക്ക് M/s Pennar Industries Limited എന്ന കമ്പനിയും ബാഹ്യ പ്രവൃത്തികൾ 56,65,612 രൂപയ്ക്ക് ശ്രീ. അബ്ദുൾ വാഷിദുമാണ് ഏറ്റെടുത്തിട്ടുള്ളത്. ഭവന സമുച്ചയത്തിന്റെ നാല് നിലകളുടെയും നിർമ്മാണം പെയിന്റിംഗ് ഉൾപ്പെടെ 98% പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ഫിനിഷിംഗ് പ്രവൃത്തികളായ പ്ലംബിംഗ്, ഇലക്ട്രിക് ഫിക്സ്ചറുകളുടെ സ്ഥാപനം, ഡി.സി ജനറേറ്റർ സ്ഥാപിക്കൽ, വാട്ടർ ടാങ്ക് സ്ഥാപിച്ച് കണക്ഷൻ നൽകൽ ഫയർ വാട്ടർ ടാങ്കറിന്റെ സ്ഥാപനം മുൻവശത്തെ ആക്സസ് റാമ്പിന്റെ നിർമ്മാണം എന്നീ പ്രവൃത്തികളാണ് ഇനി അവശേഷിക്കുന്നത്.

ഇതോടൊപ്പം ബാഹ്യ പ്രവൃത്തികളിൽ ഗേറ്റ്, കോമ്പൗണ്ട് വാൾ, കോമ്പൗണ്ടിനകത്ത് ഇന്റർലോക്ക് പാകൽ, ഖരമാലിന്യ നിർമ്മാർജ്ജന സംവിധാന പ്രവൃത്തികൾ എന്നിവ കൂടി പൂർത്തീകരിച്ചാൽ ഭവന സമുച്ചയവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്നതാണ്. എന്നാൽ കോവിഡ് മഹാമാരിക്കു ശേഷം ഇരുമ്പിന്റെ വിലയിലുള്ള വർദ്ധനവ് ചൂണ്ടിക്കാണിച്ച് നിർമ്മാണ കമ്പനി കരാർ വർദ്ധനവ് ആവശ്യപ്പെട്ട് ഭവന സമുച്ചയത്തിന്റെ നിർമ്മാണം മന്ദഗതിയിലാക്കുകയും 2025 നവംബർ മാസം മുതൽ നിർമ്മാണ പ്രവൃത്തികൾ കരാർ കമ്പനി നിർത്തി വെച്ചിരിക്കുകയുമാണ്. ഇതുവരെ 5,37,96,102 രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

ഭവന സമുച്ചയത്തിലെ ഓരോ ഭവന യൂണിറ്റിനും 500 ചതുരശ്ര അടി വിസ്തീർണമുണ്ട്. ഒരു ലിവിങ് റൂം, രണ്ട് കിടപ്പുമുറികൾ, കോമൺ ബാത്റൂം, കോമൺ ടോയ്ലറ്റ്, അടുക്കള, ബാൽക്കണി എന്നീ സൗകര്യങ്ങൾ ഓരോ യൂണിറ്റിലും ഒരുക്കിയിട്ടുണ്ട്. ആകെ 44 കുടുംബങ്ങൾക്ക് താമസിക്കാൻ സൗകര്യമുള്ള ഈ സമുച്ചയത്തിൽ ഭിന്നശേഷിക്കാർക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത (Disabled Friendly) ബാത്റൂം സൗകര്യങ്ങളോടുകൂടിയ രണ്ട് യൂണിറ്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അനർട്ട് മുഖേന ടെറസിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതി വൈകുന്നതിനുണ്ടായ കാരണം വ്യക്തമാക്കാമോ; ഫ്ലാറ്റ് നിർമാണ കരാർ പ്രകാരം കമ്പനിക്ക് എത്ര രൂപയാണ് ഇതുവരെ നൽകിയതെന്നും കരാറിലേതിനേക്കാൾ കൂടുതൽ തുക ആവശ്യപ്പെട്ട് കമ്പനി കത്ത് നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** ഭവന സമുച്ചയ നിർമ്മാണം നൂതനമായ പ്രീ-ഫാബ്രിക്കേറ്റഡ് (Pre- Fabricated) സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് നിർവ്വഹിക്കുന്നത്. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടിരുന്നു. പ്രസ്തുത കാലയളവിൽ നിർമ്മാണ സാമഗ്രികൾക്ക് പ്രത്യേകിച്ച് ഇരുമ്പിന് വിപണിയിൽ ഉണ്ടായ അപ്രതീക്ഷിത വിലക്കയറ്റം ചൂണ്ടിക്കാട്ടി കരാർ തുക വർദ്ധിപ്പിച്ച് നൽകണമെന്ന് നിർമ്മാണ കമ്പനി ആവശ്യപ്പെടുകയുണ്ടായി. നിർമ്മാണ കമ്പനിയുടെ ആവശ്യം പരിശോധിക്കുന്നതിനായി 27/02/2022 ലെ സ.ഉ(സാധാ)നം1052/2022/തസ്വഭവ പ്രകാരം രൂപീകരിച്ച സാങ്കേതിക സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു.

ഇക്കാരണത്താൽ കരാർ കമ്പനി പ്രവൃത്തി നിർത്തിവെച്ചിരിക്കുകയാണ്. ഇതുവരെ 4,71,97,138/- രൂപ നിർമ്മാണ കരാർ ഏറ്റെടുത്ത കമ്പനിക്ക് നൽകിയിട്ടുണ്ട്.

**(സി)** പ്രസ്തുത ഫ്ലാറ്റ് സമുച്ചയം എന്ന് തുറന്നു കൊടുക്കാനാകുമെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ നിർത്തി വച്ചിരിക്കുന്ന സാഹചര്യത്തിൽ നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി പുനരാരംഭിക്കുന്നതിന് കരാർ കമ്പനിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കാസറഗോഡ് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 12.08.2025-ൽ പ്രവൃത്തി പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കരാർ കമ്പനി പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നുവെങ്കിലും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ കരാർ കമ്പനിക്ക് ലൈഫ് മിഷൻ 08.06.2026-ന് കാരണം കാണിക്കൽ നോട്ടീസും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്ന തീയതി മുതൽ ഒരു മാസത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ഭവന സമുച്ചയം ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയുന്നതാണ്.

**(ഡി)** പ്രസ്തുത ഫ്ലാറ്റിലെ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള മാനദണ്ഡം എന്താണെന്നും ചെമ്മനാട് പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കൾക്ക് ഫ്ലാറ്റിനു മുൻഗണന നല്കുമോയെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാ ക്രമത്തിന്റെയും ഗുണഭോക്താക്കളുടെ താൽപര്യ പത്രത്തിന്റെയും അടിസ്ഥാനത്തിലാണ് ഭവനസമുച്ചയ ത്തിലെ അപ്പാർട്ടുമെന്റുകൾ അനുവദിക്കുന്നത്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകി ഭവന സമുച്ചയത്തിലെ ഗ്രൗണ്ട് ഫ്ലോറിലെ അപ്പാർട്ടുമെന്റുകൾ അനുവദിക്കുന്നതിന് മുൻഗണന നൽകുകയും അവശേഷിക്കുന്ന അപ്പാർട്ടുമെന്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ ഗുണഭോക്താക്കളുടെ സാന്നിദ്ധ്യത്തിൽ നറുക്കിട്ട് ഗുണഭോക്തൃ കുടുംബങ്ങൾക്ക് അലോട്ട് ചെയ്യുകയാണ് ചെയ്യുന്നത്. ഇതിലേക്കായി ഭവനസമുച്ചയം സ്ഥിതിചെയ്യുന്ന ചെമ്മനാട് ഗ്രാമപഞ്ചായത്തിലേയും സമീപങ്ങളിലേയും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും അർഹരായ ലൈഫ് ഭൂരഹിത ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളെ പരിഗണിക്കുന്നതാണ്.

ഇതിൽ ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ അർഹരായ ഗുണഭോക്താക്കൾക്ക് മുൻഗണന ലഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**